# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026



**എ എൽ പി സ്കൂൾ മുറിയക്കണ്ണി**

**തിരുവിഴാംകുന്ന്**

# ഉള്ളടക്കം

## അധ്യായങ്ങൾ


1. ആമുഖം
2. വിദ്യാലയ ചരിത്രം
3. വിദ്യാലയം മികവിന്റെ കേന്ദ്രം
4. നിലവിലെ അവസ്ഥാ വിശകലനം
5. പ്രശ്നങ്ങൾ വെല്ലുവിളികൾ
6. വിഷയമേഖലാ പ്രവർത്തനങ്ങൾ

6 ൽ 1 മലയാളം & അറബി

1 a. തുല്യം

1 b. അതുല്ല്യം

II ഇംഗ്ലീഷ്

We Can

III ഗണിതം

രസക്കുടുക്ക

IV പരിസരപഠനം

കൊച്ചുശാസ്ത്രജ്ഞർ

V പൊതു പദ്ധതികൾ

a) നിറവ്
b) ചിട്ടയോടെ
c) മുന്നോട്ട്
d) കൈപ്പുണ്യം
e) ജൈവ വൈവിധ്യം

8. ബജറ്റ്

9. മോണിറ്ററിംഗ്

അധ്യായം 1

# ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിലൂന്നിയ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നത്. അക്കാദമിക് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തും. അക്കാദമിക് കലണ്ടറി അനുസൃതമായി സമയബന്ധിതമായി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പാക്കും. ഓരോ ക്ലാസ്സിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഭിന്നശേഷി വിദ്യാർത്ഥികൾ, പ്രത്യക പരിഗണന അർഹിക്കുന്നവർ മുതലായ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കും.

അധ്യായം 2

# വിദ്യാലയ ചരിത്രം

1953 ജൂൺ 28 ന് വള്ളുവനാട് താലൂക്കിൽ എടത്തനാട്ടുകര അംശത്തിൽ മുറിയ ക്കണ്ണി എയ്ഡഡ് എലിമെന്ററി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ശ്രീ. തയ്യിൽ മൊയ്തീൻ എന്ന വ്യക്തി സൗജന്യമായി നൽകിയ സ്ഥലത്ത് മരവും കല്ലും മണ്ണും അധ്വാനവും എല്ലാം സൗജന്യമായി നൽകിക്കൊണ്ടാണ് നാട്ടുകാർ ഈ വിദ്യാലയം പടുത്തുയർത്തിയത്.

എടത്തനാട്ടുകര വട്ടമണ്ണപ്പുറം എ.യു.പി. സ്കൂളിലെ അധ്യാപകനായിരുന്ന ശ്രീ.ഹസ്സൻ മുസ്ലിയാർ ആയിരുന്നു ആദ്യ മാനേജർ. 1956 ൽ പൂർണ്ണ എൽ.പി സ്കൂളായി 1967 ൽ ശ്രീ.നടകളത്തിൽ രായുപ്പയും 2014 ൽ ശ്രീമതി എൻ. ആയി ഷയും ഈ വിദ്യാലയത്തിന്റെ മാനേജർമാരായി.

പഠനപാഠ്യേതര രംഗങ്ങളിൽ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ ഈ വിദ്യാലയ ത്തിന് കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രമുഖരായ ഒട്ടേറെ പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ് 2012-13 വർഷത്തിൽ ഡയറ്റ് നേതൃത്വം നൽകിയ STEP പദ്ധതിയിൽ മികച്ച വിദ്യാലയമായി നാം തെരഞ്ഞെടുക്കപ്പെട്ടു. 2015-16 അം.. മിക വർഷത്തിൽ എം.എൽ.എ ഏർപ്പെടുത്തിയ മികച്ച വിദ്യാലയത്തിനുള്ള അക്കാദമിക് എക്സലൻസി അവാർഡ് നാം കരസ്ഥമാക്കി. അലനല്ലൂർ മേഖല കായികമേളയിൽ തുടർച്ചയായി ചാമ്പ്യൻമാർ ആകുന്നു എന്നതും നമ്മുടെ വിദ്യാലയ മികവിനെ കാണിക്കുന്നു. സബ്ജില്ലാ കലാമേളകളിലും, അറബിക് കലാമേളകളിലും, ശാസ്ത്ര സാമൂഹ്യ ഗണിത ശാസ്ത്ര മേളകളിലും, പ്രവർത്തിപരിചയ മേളകളിലും നാം പലപ്പോഴ മേഖലാ ചാമ്പ്യന്മാരായിട്ടുണ്ട്. ലെസ്സ് പരീക്ഷയിൽ തുടർച്ചയായി നേടുന്ന മികച്ചവിജയം നമ്മുട വിദ്യാലയത്തിന്റ അക്കാദമിക മികവിനെ എടുത്തു കാണിക്കുന്നു.

അധ്യായം-3

## വിദ്യാലയം മികവിന്റെ കേന്ദ്രം

നമ്മുടെ വിദ്യാലയത്തെ ഈ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും വിദ്യാഭ്യാസ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന കേന്ദ്രമാക്കി മാറ്റാൻ നമ്മുക്കു കഴിയണം. ഭൗതികവും അക്കാദമികവുമായ നിലവാരത്തിന്റെ കാര്യത്തിൽ ഇനിയും നാം ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും പിന്നോക്കക്കാരെ മുഖ്യധാരയിലേക്ക് ഉയർത്താനുമുള്ള പ്രവർത്തന പദ്ധതികൾക്ക് നാം രൂപം നൽകണം. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനും അതുവഴി മുഴുവൻ പേരെയും വിദ്യാലയത്തിലേക്ക് ആകർഷിക്കാനും നമ്മുക്ക് കഴിയണം.

അധ്യായം-4

## നിലവിലെ അവസ്ഥാ വിശകലനം

സമൂഹിക സാമ്പത്തിക മേഖലയിൽ ഏറെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് നമ്മുടെ വിദ്യാലയത്തിൽ ഉള്ളത് അധ്യാപകർക്ക് തങ്ങളുടെ പഠിതാവിന്റെ വീടുകളും രക്ഷിതാക്കളെയും അറിയുന്നു എന്നത് തന്നെ അവരുടെ സാമൂഹിക സാഹചര്യങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്നു.

2025-2026

| ക്ലാസ് | എല്ലാ വിഭാഗവും | | | എസ്. സി | | | മുസ്ലിം | | | മറ്റു പിന്നോക്ക വിഭാഗം | | | ജനറൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T |
| പ്രീപ്രൈമറി | 33 | 55 | 88 | 5 | 2 | 7 | 28 | 52 | 80 | 0 | 0 | 0 | 0 | 1 | 1 |
| 1 | 27 | 15 | 42 | 2 | 0 | 2 | 24 | 15 | 39 | 0 | 0 | 0 | 0 | 0 | 0 |
| 2 | 21 | 33 | 54 | 4 | 2 | 6 | 17 | 30 | 47 | 0 | 0 | 0 | 1 | 1 | 2 |
| 3 | 25 | 35 | 60 | 0 | 0 | 0 | 25 | 35 | 60 | 0 | 0 | 0 | 0 | 0 | 0 |
| 4 | 24 | 16 | 40 | 3 | 3 | 6 | 20 | 13 | 33 | 0 | 0 | 0 | 1 | 0 | 1 |
| ആകെ | 130 | 154 | 284 | 14 | 7 | 21 | 114 | 145 | 259 | 0 | 0 | 0 | 2 | 2 | 4 |

| നിലവിലുള്ള അധ്യാപകർ | | |
|---|---|---|
| ക്രമ നമ്പർ | പേര് | തസ്തിക |
| 1 | ഹബീബുള്ള എസ്.ആർ | ഹെഡ്മാസ്റ്റർ |
| 2 | മിനി വി | എൽ.പി.എസ്.ടി |
| 3 | ശാലിനി ഒ.കെ | എൽ.പി.എസ്.ടി |
| 4 | സജ്ന. ടി.കെ | എൽ.പി.എസ്.ടി |
| 5 | ബിന്ദു. ടി.വി | എൽ.പി.എസ്.ടി |
| 6 | ജിജി സേതുമാധവൻ. ടി.കെ | എൽ.പി.എസ്.ടി |
| 7 | സിദാൻ സിദ്ദിഖ് പി | എൽ.പി.എസ്.ടി |
| 8 | സലീന. എൻ | അറബിക് |
| 9 | അഫീഫ എം | അറബിക് |
| 10 | റസീന കെ | പ്രീപ്രൈമറി ടീച്ചർ |
| 11 | സമീറ ടി | പ്രീപ്രൈമറി ടീച്ചർ |
| 12 | മുഹ്സിന ബാനു പി | പ്രീപ്രൈമറി ടീച്ചർ |
| 13 | പ്രജിഷ കെ | പ്രീപ്രൈമറി ടീച്ചർ |

മാനേജ്മെന്റ് വിദ്യാലയ വികസനത്തിൽ തങ്ങളുടെതായ പങ്ക് വഹിക്കുന്നു. വിദ്യാല യത്തെ ഒരു പൊതുസ്ഥാപനമായി സ്വീകരിച്ചുകൊണ്ട് PTA കമ്മിറ്റിയും നാട്ടുകാരും പൂർവ്വവിദ്യാർത്ഥികളും ഭൗതിക സൗഹചര്യങ്ങൾ ഉൾപ്പടെ ഒരുക്കുന്നതിൽ എല്ലാ സഹായവും ചെയ്തുവരുന്നു.

അധ്യാപകരുടെ ഐക്യവും കൂട്ടായ്മയും വിദ്യാലയ പുരോഗതിക്ക് സഹായകരമാണ്. വിദ്യാലയത്തിൽ ഇന്റെർനെറ്റ് സൗകര്യം ഒരുക്കുന്നതിനുംമറ്റു പഠനപ്രവർത്തനങ്ങൾക്കുമായി 57600 രൂപയുടെ വാർഷിക ഫണ്ട് അധ്യാപകർ സംഭാവന ചെയ്യുന്നു. അവധി ദിവസം ഉൾപ്പടെ എല്ലാ ദിവസങ്ങളിലും ആവശ്യമെങ്കിൽ വിദ്യാലയത്തിൽ എത്തിച്ചേരാനുള്ള മനോഭാവം എല്ലാ അധ്യാപകരും പ്രകടിപ്പിക്കുന്നു. എല്ലാ അധ്യാപകരുടെയും മക്കൾ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്നു എന്നതും എടുത്തു പറയേണ്ടതാണ്.

നിലവിൽ നാല് പ്രീ കെ.ഇ.ആർ ക്ലാസ് മുറികൾ ഉൾപ്പടെ 11 ക്ലാസ് മുറികളും ഒരു ഓഫീസ് റൂമുമാണുള്ളത്. 1098 പുസ്തകങ്ങളുള്ള ഒരു ലൈബ്രറിയുമുണ്ട്. 6 കമ്പ്യൂട്ടറുകളും 3 പ്രോജക്ടറും ഉണ്ട്. 1-ാം ക്ലാസിലെ രണ്ട് ഡിവിഷനുകളിലും ടി.വി യും ലാപ്ടോപ്പും ഉപ യോഗിച്ചുകൊണ്ടുള്ള പഠനം ആണ് നടക്കുന്നത്, ജലലഭ്യത ഉയർത്താൻ ഒരു വലിയ മഴവെള്ള സംഭരണി സ്ഥാപിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ് വരെ 284 കുട്ടികൾ പഠിക്കുന്ന നമ്മുടെ വിദ്യാലയ ത്തിൽ 259 കുട്ടികൾ പിന്നോക്കവിഭാഗത്തിലും 21 കുട്ടികൾ എസ്.സി വിഭാഗത്തിലും ഉൾപ്പെടുന്നു. ജനറൽ വിഭാഗത്തിൽ 4 വിദ്യാർത്ഥികൾ ആണ് ഉള്ളത്. ആതായത് 97% പേരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരാണ്. ചന്ദനം ഉൾപ്പടെ 20-ൽ അധികം ഔഷധമരങ്ങൾ നാം വെച്ചു പിടിപ്പിച്ചിട്ടുണ്ട്.

അദ്ധ്യായം 5

# <u>പ്രശ്നങ്ങൾ വെല്ലുവിളികൾ</u>

പ്രീ കെ ഇ ആർ കെട്ടിടത്തി പ്രവർത്തിക്കുന്ന നാല് ക്ലാസ്സ്മുറികളും ഓഫീസ് റൂമും നിലവിലുണ്ട്. എല്ലാ ക്ലാസ് മുറികളിലും ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം ലഭ്യമല്ല എന്നത് ഒരു പരിമിതിയാണ്. ക്ലാസ് ലൈബ്രറി എന്ന ആശയം പൂർണമായി പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. കളിസ്ഥല മണ്ണിട്ട് നിരത്തി പൂർണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതും ഒരു പരിമിതിയാണ്.

അധ്യായം 6

# 1. മലയാളം

## <u>വിഷയമേഖല പ്രവർത്തനങ്ങൾ</u>

1 (a) പ്രവർത്തനത്തിന്റെ പേര് :- **തുല്ല്യം** (അറബികിന് കൂടി)

**ലക്ഷ്യങ്ങള്**

1. ഭാഷ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
2. എല്ലാവരേയും സാമാന്യ വായനയ്ക്ക് തയ്യാറാക്കൽ
3. മിനിമം നിലവാരത്തിൽ തെറ്റില്ലാതെ എഴുതാൻ അവസരമൊരുക്കൽ

| **പ്രവർത്തനങ്ങൾ** | **പഠനോപകരണങ്ങൾ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം | ചോദ്യാവലി തയ്യാറാക്കൽ | അവധിക്കാലം | ക്ലാസ് ടീച്ചർ |
| പ്രീ ടെസ്റ്റ് | ഡി.ടി.പി ചെയ്ത ചോദ്യപ്പേപ്പർ ഉത്തരമെഴുതാൻ സൗകര്യമുള്ളത് | 04-06-2025 | ,, |
| കേസ് സ്റ്റഡി | കണ്ടെത്തിയ കുട്ടികളുടെ വിശദ വിവരങ്ങൾ രേഖപ്പെടുത്തൽ | 2025 ജൂൺ 10 നകം | ,, |
| പരിഹാര ബോധനം | വായനാകാർഡുകൾ , മറ്റു ഡിജിറ്റൽ മൊഡ്യൂൾ | ജൂൺ മുതൽ സെപ്തംബർ കൂടി (9.30 am to 10.30am) | ,, |
| ഒപ്പം തന്നെ പ്രഖ്യാപനം | ചോദ്യാവലി, മൂല്യനിർണയം | 24-09-2025 | ,, |
| ഇനിയും മുന്നോട്ട് | വായനാ കാർഡ് ലഘു പുസ്തകങ്ങൾ | സെപ്തംബർ മുതൽ ഡിസംബർ കൂടി | ,, |
| എനിക്കും കഴിയും വായന അയൽക്കൂട്ട പി.ടി.എയിൽ | ലഘു പുസ്തകങ്ങൾ | 2025 ജനവരി 1 മുതൽ 15 വരെ | PTA അയൽക്കൂട്ടം, ക്ലാസ്സ് ടീച്ചർ |

## 1 (b). പ്രവർത്തനത്തിന്റെ പേര് :- '**അതുല്ല്യം**'

**ലക്ഷ്യങ്ങൾ**

1 പഠനത്തിൽ മികച്ചവരെ കണ്ടെത്തൽ

2. എൽ.എസ്.എസ്. പരീക്ഷാ പരിശീലനം

3. മിടുക്കരായ എല്ലാ കുട്ടികൾക്കും എൽ.എസ്.എസ്. നേടിക്കൊടുക്കൽ

| **പ്രവർത്തനങ്ങൾ** | **പഠനോപകരണങ്ങൾ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം | മൊഡ്യൂൾ തയ്യാറാക്കൽ | സെപ്തംബർ (ഓണാവധി) | 4ാം ക്ലാസ് ടീച്ചർമാർ |
| പരിശീലനത്തിലേക്ക് | മൊഡ്യൂൾ | എല്ലാ ദിവസവും 1.30-2.15 | ,, |
| പഞ്ചായത്ത് തല പരിശീലന ക്ലാസ്സിലേക്ക് | പഞ്ചായത്ത് തല ത്തിൽ തയ്യാറാക്കു ന്ന മൊഡ്യൂൾ | നവംബർ - ജനുവരി | പി.ഇ.സി. |
| മാതൃകാ പരീക്ഷ | അച്ചടിച്ച ചോദ്യാവലി | ഫെബ്രുവരി 10 | എസ്.ആർ.ജി. |

## II **ഇംഗ്ലീഷ്** പ്രവർത്തനത്തിന്റെ പേര് :- **We Can**

**ലക്ഷ്യങ്ങൾ**

1. ഇംഗ്ലീഷ് കഥകൾ, കവിതകൾ ആസ്വദിക്കൽ

2. പ്രീ-പ്രൈമറി മുതൽ 4-ാം തരെ വരെ കുട്ടികളുടെ നിലവാര മനുസരിച്ച് ഇംഗ്ലീഷ് വായന, ലേഖനങ്ങൾ

3. 3, 4 ക്ലാസ്സുകളിൽ പാഠഭാഗത്തെ ആസ്പദമാക്കി സ്കിറ്റുകൾ തയ്യാറാക്കൽ

| **പ്രവർത്തനങ്ങൾ** | **പഠനോപകരണങ്ങൾ സാമഗ്രികൾ** | **കാലയളവ്** | **മുന്നൊരുക്കം** |
|---|---|---|---|
| മുന്നൊരുക്കം | ഇംഗ്ലീഷ് വായനാ സാമഗ്രികൾ തയ്യാറാക്കൽ | അവധിക്കാലം | ക്ലാസ് ടീച്ചർ |
| കേൾക്കാം പറയാം | കഥകൾ കവിതകൾ, സംഭാഷണങ്ങൾ | ജൂലായ് മുതൽ സെപ്തംബർ കുടി | ക്ലാസ് ടീച്ചർ |
| നമുക്കും വായിക്കാം | വായന കാർഡുകൾ കഥകൾ, കവിതകൾ | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർ |
| നമുക്കും സംസാരിക്കാം സ്പോക്കൺ ഇംഗ്ലീഷ് | മോഡ്യൂൾ | എല്ലാ ശനിയാഴ്ചകളിലും | മുഴവൻ അധ്യാപകരും |
| കൊച്ചു പ്രസംഗകർ | ലഘു പ്രഭാഷണങ്ങൾ | ജൂലായ് -ജനുവരി | ക്ലാസ് ടീച്ചർ |
| സ്വതന്ത്ര്യരചനയിലേക്ക് വരികൾ കൂട്ടിച്ചേർക്കുക. സംഭാഷണങ്ങൾ,ലഘു വിവരണങ്ങൾ | കുട്ടികളുടെ രചനകൾ | സെപ്തംബർ -ജനുവരി | ക്ലാസ് ടീച്ചർ |
| കഴിവുകാണിക്കാം അയൽക്കൂട്ട പി.ടി.എ. | സ്കിറ്റുകൾ കവിതകൾ സംഭാഷണങ്ങൾ | 2025 ജനുവരി 15 വരെ | പി.ടി.എ. എസ്.എസ്.ജി. |

III **ഗണിതം.** പ്രവർത്തനത്തിന്റെ പേര് :- **"രസക്കുടുക്ക"**

**ലക്ഷ്യങ്ങൾ**

1. ഗണിത പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
2 ഗണിത ക്വിസ്സ്, കണിത പസ്സിലുകൾ പരിഹരിക്കൽ, നിർമ്മിക്കൽ
3. ഗണിത ശാസ്ത്രജ്ഞരെ അറിയൽ
4. ഗണിത മാഗസിൻ തയ്യാറാക്കൽ

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം | ഗണിത പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ ഒരുക്കൽ | അവധിക്കാലം | ക്ലാസ് ടീച്ചർ |
| പ്രതിഭകളെ കണ്ടെത്താം | തയ്യാറാക്കിയ ചോദ്യാവലി | ജൂലായ് | ക്ലാസ് ടീച്ചർ |
| രസക്കുടുക്ക തുറക്കാം | ഗണിത പസിലുകൾ, ജാമിതീയ ചിത്രങ്ങൾ | ആഗസ്റ്റ് -ഡിസംബർ | ക്ലാസ് ടീച്ചർ |
| ഗണിതജ്ഞരെ അറിയാം | ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ലഘു വിവരണം | സെപ്തംബർ 15 | ക്ലാസ് ടീച്ചർ, ഗണിത വിദഗ്ധൻ |
| ഗണിത മാഗസിൻ ഒരുക്കാം | ഗണിത മാഗസിൻ | ജനുവരി | ക്ലാസ് ടീച്ചർ കുട്ടികൾ |
| പ്രദർശനത്തിലേക്ക് | ഗണിത മാഗസിൻ | 2025 ജനുവരി 1 - 15 | അയൽക്കൂട്ട പി.ടി.എ |

IV **പരിസരപഠനം,** പ്രവർത്തനത്തിന്റെ പേര് :- **"കൊച്ചു ശാസ്ത്രജ്ഞർ"**

**ലക്ഷ്യങ്ങൾ**

1. നിരീക്ഷണ പാടവം വളർത്തുക
2. ശാസ്ത്രീയമായ കാഴ്ചപ്പാട് രൂപീകരിക്കുക.
3. ലഘു പരീക്ഷണങ്ങൾക്ക് അവസരമൊരുക്കുക.

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം ഓരോ ക്ലാസ്സിന്റേയും നിലവാരത്തിനനുസരിച്ച് പരീക്ഷണങ്ങൾ തയ്യാറാക്കുക (ചുരുങ്ങിയത് 10 എണ്ണം) | പരീക്ഷണങ്ങൾ | അവധിക്കാലം | അധ്യാപകർ |
| പരീക്ഷണ സാമഗ്രികൾ ഒരുക്കാം | പരീക്ഷണ സാമഗ്രികൾ | ജൂൺ | എസ്.എസ്.ജി. അധ്യാപകൻ, കുട്ടികൾ |
| കൊച്ചു ശാസ്ത്രജ്ഞർ ഓരോ ക്ലാസ്സിലേയും നിലവാരത്തിനനുസരിച്ച പരീക്ഷണങ്ങൾ | പരീക്ഷണങ്ങൾ | ജൂലായ് മുതൽ ഫെബ്രുവരി വരെ | അധ്യാപകർ |
| കണ്ടറിയാം കണ്ടെത്താം വിദഗ്ധ ശാസ്ത്ര ക്ലാസ്സ് | ശാസ്ത്രക്ലാസ്സ് | ഹരിദാസൻ കെ | എസ്.ആർ.ജി |

## V പൊതു പദ്ധതികൾ :- (a) പ്രവർത്തനത്തിന്റെ പേര് :- **"നിറവ്"**

**ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക
2. പത്ര വായനാശീലം വളർത്തിയെടുക്കുക.
3. വർത്തമാന കാല സംഭവങ്ങൾ രേഖപ്പെടുത്തുക

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാന ശേഖരണം | മുന്നൊരുക്കം ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാന ശേഖരണം | മധ്യവേനലവധി | അധ്യാപകർ |
| കൂട്ടിച്ചേർക്കാം നൽകിയ ചോദ്യോത്തര ങ്ങളുടെ കൂടെ പത്രവാർത്ത കളിലെ ആനുകാലിക ചോദ്യങ്ങൾ സ്വയം എഴുതി ചേർക്കൽ | സ്വന്തമായി കണ്ടെത്തിയ ചോദ്യങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | കുട്ടികൾ |
| പ്രവർത്തനത്തിലേയ്ക്ക് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരം | ക്വിസ് മത്സരം ചോദ്യാവലി | ജൂലായ് 21, ആഗസ്റ്റ് 15, ഒക്ടോബർ 2, നവംബർ 1, ജനുവരി 26 | H.M. |
| മെഗാക്വിസ് മത്സരം തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി | ചോദ്യാവലി | 2025 ഫെബ്രുവരി 8 | H.M. |
| വിജയികളെ അനുമോദിക്കൽ | വാർഷികാഘോഷം | 2026 ഫെബ്രുവരി | PTA , S.S.G |

## V (b) പ്രവർത്തനത്തിന്റെ പേര് :- **"ചിട്ടയോടെ"**

**ലക്ഷ്യങ്ങൾ**

1. നേതൃശേഷി വളർത്തിയെടുക്കുക.
2. നല്ല ശീലങ്ങൾ രൂപീകരിക്കുക.
3. ദിനാചരണങ്ങൾ ഫലപ്രദമാക്കുക.

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം | ചുമതലാ കലണ്ടർ | മധ്യവേനൽ അവധി | H.M. |
| അസംബ്ലിയിലേക്ക് (4-ാം ക്ലാസ്സ് മുതൽ പ്രീ-പ്രൈമറി തലം വരെ) | കലണ്ടറിനനുസരിച്ച് | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ |
| ഉള്ളടക്കം വ്യാഴം ഇംഗ്ലീഷ് അസംബ്ലി | കലണ്ടറിനനുസരിച്ച് | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ |
| പ്രഭാഷണങ്ങൾ (ദിനാചരണങ്ങൾക്കനു സരിച്ച്), വാർത്താ വായന | പ്രഭാഷണങ്ങൾ, പത്രങ്ങൾ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ |

V (c) പ്രവർത്തനത്തിന്റെ പേര് :- **"മുന്നോട്ട്"**

**ലക്ഷ്യങ്ങൾ**

1. നിർമ്മാണ പ്രവർത്തനങ്ങളിൽ മിടുക്കരെ കണ്ടെത്തൽ
2. വാർഷികാഘോഷം : മുഴവൻ കുട്ടികളുടേയും പങ്കാളിത്തം
3. കായികമേള ജനകീയ മേളയാക്കൽ

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| വിദഗ്ധരെ കണ്ടെത്തൽ രക്ഷിതാക്കളിൽനിന്നും കുട്ടികളിൽനിന്നും | നിർമ്മാണ സാമഗ്രികൾ | ജൂൺ 7 പി.ടി.എ. ജനറൽ ബോഡി | പി.ടി.എ. എച്ച്.എം. |
| പരിശീലനത്തിലേയ്ക്ക് പ്രതിഭകൾക്ക് പരിശീലനം പ്രവൃത്തി പരിചയമേള കായികമേള, വാർഷികാഘോഷം | നിർമ്മാണ സാമഗ്രികൾ, രക്ഷിതാക്കൾ, മറ്റു വിദഗ്ധർ | ജൂലായ് മുതൽ സെപ്തംബർ വരെ | പി.ടി.എ. |
| ആഘോഷത്തിലേയ്ക്ക് എല്ലാകുട്ടികളേയും പങ്കെടുപ്പിച്ച വാർഷികം രക്ഷിതാക്കളുടെ പരിപാടികൾ | കലാപരിപാടികൾ | 2026 ഫെബ്രുവരി | പി.ടി.എ. |
| പ്രദർശിപ്പിക്കാം ഉത്പന്ന പ്രദർശനം | ഉത്പന്നങ്ങൾ | 2026 ഫെബ്രുവരി | പി.ടി.എ, എച്ച്.എം |

V (d) പ്രവർത്തനത്തിന്റെ പേര് :- **"കൈപ്പുണ്യം"**

**ലക്ഷ്യങ്ങൾ**

1. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം
2. വ്യത്യസ്ത പാചക രുചികൾ ആസ്വദിക്കൽ
3. നാടൻ ജൈവ വിഭവങ്ങൾ പരിചയപ്പെടൽ

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം ജനറൽ ബോഡി യോഗം | പദ്ധതി അവതരണം നോട്ടീസ് | ജൂൺ 7 | എച്ച്.എം. പി ടി എ |
| കൈപ്പുണ്യം ജൂൺ, മാർച്ച് മാസങ്ങൾ ഒഴികെ 8 മാസങ്ങളിൽ ഒരു ദിവസം ഓരോ ക്ലാസ് പി.ടി.എ യുടെയും പാചകം | വ്യത്യസ്തമായ നാടൻ ഭക്ഷണസാധനങ്ങൾ | ജൂലായ് മുതൽ ഫെബ്രുവരി വരെ | എച്ച്.എം. പി ടി എ |

V (e) പ്രവർത്തനത്തിന്റെ പേര് :- "**പൂർവ വിദ്യാർത്ഥി സംഗമം**"

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം ജനറൽ ബോഡി യോഗം | പദ്ധതി അവതരണം നോട്ടീസ് | ജൂൺ 7 | എച്ച്.എം.<br>പി ടി എ |
| പൂർവ വിദ്യാർത്ഥി സംഗമം | കലാപരിപാടികൾ | 2025 ഡിസംബർ | എച്ച്.എം.<br>പി ടി എ |

V (f ) പ്രവർത്തനത്തിന്റെ പേര് :- "**അരികെ**"

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം<br>എസ്.ആർ.ജി | പദ്ധതി ആസൂത്രണം | 2025 മെയ് | എസ്.ആർ.ജി |
| ഗൃഹ സന്ദർശനം | പഠനോപകരണങ്ങൾ | 2025 മെയ് | ക്ലാസ് ടീച്ചർ |

V (g) പ്രവർത്തനത്തിന്റെ പേര് :- "**കിഡ്സ് പാർക്ക്**"

| **പ്രവർത്തനങ്ങൾ** | **പഠനോപകരണ സാമഗ്രികൾ** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| മുന്നൊരുക്കം<br>എസ്.ആർ.ജി | പദ്ധതി ആസൂത്രണം | 2025 ജൂൺ | എസ്.ആർ.ജി |
| കുട്ടികൾക്ക് ക്ലാസ് തലത്തിൽ പാർക്ക് അനുവദിക്കുന്നു (ക്ലാസ് 1 – തിങ്കൾ, ക്ലാസ് 2 – ചൊവ്വ, ക്ലാസ് 3 – ബുധൻ, ക്ലാസ് 4 - വ്യാഴം) | കലണ്ടർ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ |

അധ്യായം 8

# ബജറ്റ്

അക്കാദമിക രംഗത്ത് ഊന്നൽ നൽകി തയ്യാറാക്കിയ പദ്ധതി ആയതിനാൽ സാമ്പത്തികമായ ബാധ്യത വളരെ കുറവാണ് എങ്കിലും എല്ലാ പ്രവർത്തനങ്ങൾക്കും അച്ചടി സാമഗ്രികൾ മുതലായവയ്ക്കായി 50000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

V (g) പദ്ധതിക്കായി 250000 രൂപയും V (f) പദ്ധതിക്കായി 25000 രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ആയതിലേക്ക് ത്രിതല പഞ്ചായത്തുകളുടേയും എം. എൽ.എയുടേയും ഫണ്ടിൽനിന്ന് പണം ലഭ്യമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബജറ്റ് ചെലവായി പ്രതീക്ഷിക്കുന്ന ബാക്കി പണം പൂർവ്വ വിദ്യാർത്ഥികൾ രക്ഷാ കർത്താക്കൾ സ്പോൺ സർമാർ എന്നിവരുടെ സഹായത്തോടെ കണ്ടെത്താൻ കഴിയും.

അധ്യായം 9

# മോണിറ്ററിംഗ്

ഭൂരിഭാഗം പ്രവർത്തനങ്ങളും പ്രധാനാധ്യാപകനും എസ്.ആർ.ജി. കൺവീനറും മോണിറ്ററിംഗ് നടത്തേണ്ടതാണ്. ചിലത് പി.ടി.എ., എസ്.എസ്.ജി. തുടങ്ങിയ കമ്മറ്റികളുടെ ചുമതലയിൽ പെട്ടവയാണ്.

എല്ലാ വെള്ളിയാഴ്ചകളിലും വൈകീട്ട് 3.45 മുതൽ 4.45 വരെ എസ്.ആർ.ജി. യോഗം ചേരുകയും മുൻ കൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ മോണിറ്ററിംഗിന് നേതൃത്വം നൽകുകയും വേണം. കഴിഞ്ഞ പ്രവർത്തനങ്ങളുടെ പരിശോധനയും അടുത്ത പ്രവർത്തനങ്ങളുടെ ആസൂത്രണവും പ്രസ്തുത യോഗങ്ങളിൽ നടന്നിരിക്കേണ്ടതാണ്.